പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- റ്റി. 3821 25-06-2013-ൽ മറുപടിക്ക്

## കോടതികളിലെ വ്യവഹാരം മലയാളത്തിലാക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ. കെ.വി. വിജയദാസ്

**ഉത്തരം**
ശ്രീ.കെ.എം.മാണി
(ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ച സാഹചര്യത്തിൽ എന്തെല്ലാം പദ്ധതികളും നടപടി കളുമാണ് ഭാഷാപഠനത്തിന് രൂപീകരിക്കുവാൻ ഉദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കുമോ ; | മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്ന തിനായി പൊതുവിദ്യാഭ്യാസ വകുപ്പ് ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ 01-09-2011 ലെ 183-ാം നമ്പർ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഒരു പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു. |
| (ബി) | ഭരണ ഭാഷയും കോടതി ഭാഷയും പൂർണ്ണമായി മലയാള ത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | ഭരണഭാഷ മലയാളമാക്കുന്നതിന് 1969-ൽ ഔദ്യോഗിക ഭാഷകൾ ആക്റ്റ് പാസാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 73 സർക്കാർ വകുപ്പുകളിലും 31 സ്വയം ഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് ഔദ്യോ ഗികഭാഷാ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു കളിന്മേൽ നടപടികൾ എടുക്കുന്നതിന് വിവിധ വകുപ്പുകൾക്ക് നിർ ദ്ദേശം നൽകിയിട്ടുണ്ട്. ഭരണ രംഗത്തെ ഭാഷാമാറ്റം ത്വരിത പ്പെടുത്തുന്നതിനായി |

| | | |
|---|---|---|
| | | 2012 നവംബർ 1 മുതൽ ഒരു വർഷക്കാലം 'ഭരണഭാഷ-മാതൃഭാഷ' എന്ന വാക്യത്തിന്റെ അകമ്പടിയോടെ ഭരണഭാഷാ വർഷമായി ആഘോഷിച്ച വരുന്നു. സംസ്ഥാനത്തെ കീഴ് ക്കോടതികളിൽ അവ പുറപ്പെട്ടു വിക്കുന്ന ഉത്തരവുകൾ ഒഴികെ ബാക്കി എല്ലാ നടപടികളിലും മലയാള ഭാഷയും ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്. |
| (സി) | നിയമ സഭയിൽ വരുന്ന ബില്ലുകളും മറ്റും പൂർണ്ണമായും മലയാളത്തിലാക്കാൻ സത്വര നടപടി സ്വീകരിക്കുമോ? | കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69(2) പ്രകാരം ഇംഗ്ലീഷിൽ നിയമനിർമ്മാണം നടത്തിയ പ്രധാന ആക്റ്റിന്റെ ഭേദഗതി ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും മലയാളത്തിലാണ് നിയമസഭ മുമ്പാകെ അവതരിപ്പിച്ചുവരുന്നത്. ഇംഗ്ലീഷിൽ അവതരിപ്പിക്കുന്ന ഭേദഗതി ബില്ലുകളുടെ മലയാള പരിഭാഷ ബില്ലിനോടൊപ്പം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം തുടർന്നും നടപടികൾ സ്വീകരിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്